# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ - കൊല്ലം ജില്ല

(ദക്ഷിണ മേഖലകാർഷിക ഗവേഷണകേന്ദ്രം വെള്ളായണിയും, ഭാരതീയ കാലാവസ്ഥവകുപ്പും സംയുക്തമായി നൽകുന്നത്)

നമ്പർ:KLM-AAS-5/2025, (9) തീയ്യതി: 31.01.2025

## കഴിഞ്ഞആഴ്ചയിലെ അന്തരീക്ഷ സ്ഥിതി

| മഴ(മില്ലി.മീറ്റർ) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില(°C) | അന്തരീക്ഷ ആർദ്രത (%) | ബാഷ്പീകരണം(മില്ലി.മീറ്റർ) |
|---|---|---|---|---|
| 0 | 32.2-33.2 | 19.8-21.2 | 60-91 | 3.2-5.2 |

## അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| കാലാവസ്ഥ ഘടകങ്ങൾ | 01/02/2025 | 02/02/2025 | 03/02/2025 | 04/02/2025 | 05/02/2025 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 0.2 | 0.2 | 0.1 | 0 | 0 |
| ഉയർന്നതാപനില(° C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞതാപനില(° C) | 24 | 24 | 24 | 24 | 24 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞഅന്തരീക്ഷആർദ്രത(%) | 69 | 69 | 69 | 69 | 69 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെദിശ (ഡിഗ്രി) | 110 | 360 | 20 | 140 | 90 |
| മേഘവ്യാപ്തി(ഒക്ട) | 8 | 6 | 4 | 4 | 3 |
| കാലാവസ്ഥസംഗ്രഹം/അലേർട്ട് | ജില്ലയിൽ വളരെ നേരിയ തോതിലുള്ള മഴയ്ക്ക് സാധ്യത. കേരളത്തിൽ സാധാരണ തോതിലും സാധാരണയിൽ കൂടുതൽ തോതിലുമുള്ള മഴയ്ക്ക് സാധ്യത. | | | | |

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക്ധാരാളം ശുദ്ധജലം കുടിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയുംചെയ്യുക. |

## കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ 2 മി .ല്ലി മാലത്തിയോൺ അല്ലെങ്കിൽ അസാഡിറാക്റ്റിൻ 10 മി .ല്ലി ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| തക്കാളി | വെള്ളീച്ച | തക്കാളിയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട് 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൽഷൻ തളിക്കുക അല്ലെങ്കിൽ ലെക്കാനീസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക.ആക്രമണം രൂക്ഷമാണെങ്കിൽ തയോമെതോക്സാം 4 ഗ്രാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

| | | |
|---|---|---|
| **മുളക്** | ഇലപ്പേൻ | മുളകിൽ ഇലപ്പേനിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്ക വിധം പത്ത് ദിവസം ഇടവേളകളിലായി തളിക്കുക . ആക്രമണംരൂക്ഷമാണെങ്കിൽ ഇമിഡാക്ലോപ്രിഡ്3 മില്ലി പത്ത് ലിറ്റർവെള്ളത്തിൽകലക്കിതളിക്കുക. |
| **മൃഗസംരക്ഷണം** | തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുരലെടുപ്പൻ -കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക. | |